**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 155** **03-03-2025 - ൽ മറുപടിയ്ക്ക്**

**മദ്യനിർമാണ യൂണിറ്റിന് ജലം നൽകാൻ അനുമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചാണ്ടി ഉമ്മൻ,<br>ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീ. ടി. സിദ്ദിഖ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് ആസ്ഥാനമായി ഒയാസിസ് കമ്പനിക്ക് മദ്യനിർമാണ യൂണിറ്റ് തുടങ്ങാൻ പ്രാരംഭ അനുമതി നൽകിക്കൊണ്ടുള്ള 2025 ജനുവരി 16-ലെ ഉത്തരവിൽ പ്രോജക്റ്റിന് ആവശ്യമായ ജലം നൽകുന്നതിന് കേരള വാട്ടർ അതോറിറ്റി അനുമതി നൽകിയിട്ടുണ്ടെന്ന് എക്സൈസ് കമ്മീഷണർ റിപ്പോർട്ട് ചെയ്തതായി പരാമർശിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. ഈ പ്രോജക്റ്റിന് ആവശ്യമായ വെള്ളം നിർമ്മാണം നടന്നു വരുന്ന KINFRA Water Supply Scheme-ൽ ഉൾപ്പെടുത്തി നൽകാമെന്ന് കേരള വാട്ടർ അതോറിറ്റി അറിയിച്ചിട്ടുണ്ട്. Rain Water Harvesitng നടത്തി മഴവെള്ളം സംഭരിക്കാനുള്ള പദ്ധതിയും കമ്പനി പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | എങ്കിൽ ഏതൊക്കെ രേഖകളുടെ അടിസ്ഥാനത്തിലാണ് പദ്ധതിക്ക് ആവശ്യമായ ജലം നൽകാൻ വാട്ടർ അതോറിറ്റി തയ്യാറാണെന്ന് റിപ്പോർട്ട് ചെയ്തതെന്ന് അറിയിക്കുമോ; | (ബി) | നിർമ്മാണം നടന്നു വരുന്ന KINFRA Water Supply Scheme-ൽ ഉൾപ്പെടുത്തി ആവശ്യമായ വെള്ളം നൽകാമെന്നാണ് കേരള വാട്ടർ അതോറിറ്റി അറിയിച്ചിട്ടുള്ളത്. |
| (സി) | പ്രസ്തുത കമ്പനിക്ക് ജലം നൽകാൻ വാട്ടർ അതോറിറ്റി തയ്യാറാണെന്ന് രേഖപ്പെടുത്തിയ കരാർ/അനുമതി രേഖകൾ എക്സൈസ് വകുപ്പിന് കമ്പനി സമർപ്പിച്ചിരുന്നോ; വ്യക്തമാക്കുമോ? | (സി) | കേരള വാട്ടർ അതോറിറ്റിയുടെ 16.06.2023 തീയതിയിലെ KWA/PHC/PKD/8365/01/ Vol.2/KINFRA നമ്പർ കത്ത് കമ്പനി നൽകിയ അപേക്ഷയോടൊപ്പം എക്സൈസ് വകുപ്പിന് സമർപ്പിച്ചിരുന്നു. |

സെക്ഷൻ ഓഫീസർ